**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 81** | **09-06-2021 - ൽ മറുപടിയ്ക്ക്**

**കടലാക്രമണംമൂലമുള്ള നാശനഷ്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | Shri Saji Cherian<br>(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കേരളതീരത്ത് ശക്തമായ കടലാക്രമണത്തിനും കടൽക്ഷോഭത്തിനും കാരണമായ ടൗട്ടേ ചുഴലിക്കാറ്റുമൂലമുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ടോട്ടോ ചുഴലിക്കാറ്റിലും കടൽക്ഷോഭത്തിലും തീരദേശത്ത് കനത്ത നാശനഷ്ടം സംഭവിക്കുകയുണ്ടായി. ഫിഷറീസ് വകുപ്പ് ശേഖരിച്ച പ്രാഥമിക കണക്കുകൾ പ്രകാരം 186 വീടുകൾ പൂർണ്ണമായും 2432 വീടുകൾ ഭാഗികമായും തകർന്നു. 3000 ത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ജില്ലകളിൽ പ്രവർത്തിച്ചിരുന്ന റിലീഫ് ക്യാമ്പുകളിലേയ്ക്ക് മാറ്റി. വീടുകൾ നഷ്ടപ്പെട്ടവർക്ക് റവന്യൂ വകുപ്പ് മുഖേനയാണ് നഷ്ട പരിഹാരം അനുവദിക്കുന്നത്. മത്സ്യബന്ധന ഉപകരണങ്ങളുടെയും മത്സ്യ കൃഷി ഫാമുകളുടെയും നഷ്ടം SDRF മാനദണ്ഡ പ്രകാരം കണക്കാക്കി 140.90 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായി ദുരന്ത നിവാരണ വകുപ്പിന് നൽകിയിട്ടുണ്ട്. |
| (ബി) | കോവിഡ് നിയന്ത്രണങ്ങളും നിരന്തരമായുണ്ടാകുന്ന കടൽക്ഷോഭവും മൂലം ഉപജീവനവും വരുമാനവും നഷ്ടപ്പെട്ട മത്സ്യതൊഴിലാളികളെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | 2020-21 ൽ കോവിഡ്-19, കാലാവസ്ഥ മുന്നറിയിപ്പ് എന്നിവയാൽ ജീവനോപാധി നഷ്ടപെട്ട കടൽ, ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായി 2000 രൂപ വീതവും അനുബന്ധ തൊഴിലാളികൾക്കു 1000 രൂപ വീതവും നൽകുന്നതിനായി 36.12 കോടി രൂപ അനുവദിക്കുകയും 2,07,104 പേർക്ക് വിതരണം ചെയ്യുകയും ചെയ്തു ടൗട്ടെ ചുഴലിക്കാറ്റിന്റെ തീവ്രതയിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയതിനാൽ ആറു ദിവസത്തേക്ക് ധനസഹായം തിട്ടപ്പെടുത്തി ഒരു കുടുംബത്തിന് 1200 രൂപ വീതം നൽകുന്നതിന് 18.36 കോടി രൂപ അനുവദിച്ച ഉത്തരവായി. സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന 1,57,573 മത്സ്യത്തൊഴിലാളികൾക്ക് മെയ് മാസത്തിൽ ആദ്യ |

| | | | |
|---|---|---|---|
| | | | ഇൻസ്റ്റാൾമെന്റ് വിതരണം ചെയ്യുന്നതിനു 22.49 കോടി രൂപ അനുവദിച്ച് വിതരണം ചെയ്തു. |
| (സി) | നിരന്തരമായുണ്ടാകുന്ന കടൽക്ഷോഭം മൂലം തീരശോഷണം സംഭവിച്ച സ്ഥലങ്ങളിൽ അടിയന്തരമായി സംരക്ഷണഭിത്തി നിർമ്മിച്ച് തീരസംരക്ഷണം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) | തീരസംരക്ഷണത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തി 9677.434 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് അനുമതി നൽകുകയും വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുകയും ചെയ്യുന്നു. തീരസംരക്ഷണ പ്രവൃത്തികൾക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന 216.59 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി 101.59 കോടി രൂപയുടെയും ഓഖി ദുരന്ത തീരദേശ പദ്ധതിയിൽ ഉൾപ്പെടുത്തി 54.70 കോടി രൂപയുടെയും നബാർഡ് XXV പദ്ധതിയിൽ ഉൾപ്പെടുത്തി 7.40 കോടി രൂപയുടെയും തീരസംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആർ.കെ.ഐ പദ്ധതിയിൽപ്പെടുത്തി 52.90 കോടി രൂപയുടെ പദ്ധതി പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ